# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5626 18.11.2019-ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജന്മാരുടെ സേവനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ആൻസലൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജന്മാരുടെ സേവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ എച്ച്.എം./06 തീയതി 21.10.2019-ൽ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) ബഹു. എം.എൽ.എ -യുടെ 08/11/2019-ലെ നിവേദനം 13/11/2019-ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള നടപടിക്രമങ്ങൾ ആണ് വേണ്ടതെന്ന് വിശദമാക്കാമോ; | (ബി) താഴെ പറയുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ ആവശ്യമാണ്.<br>1. ആശുപത്രിയിൽ എല്ലാ വിഭാഗങ്ങളിലുമുള്ള അടിസ്ഥാന സൗകര്യ വികസനം ഉണ്ടായിരിക്കണം.<br>2. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുകയും റ്റി.സി.എം.സി -യുടെ ശിപാർശയും ഉണ്ടായിരിക്കണം.<br>3. എത്ര ഹൗസ് സർജൻമാർക്ക് ഇന്റേൺഷിപ്പ് ചെയ്യുന്നതിന് അനുവാദം നൽകണമെന്നത് ഉൾപ്പടെ വിശദമായ പ്രൊപ്പോസൽ ആശുപത്രി സൂപ്രണ്ട് ഉചിതമാർഗ്ഗേണ (ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന) സമർപ്പിക്കേണ്ടതാണ്. |

4. ഉചിതമാർഗ്ഗേണ ലഭിയ്ക്കുന്ന അപേക്ഷ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ (MCI) -യുടെ അംഗീകാരത്തിന് വിധേയമാക്കുന്നതിനായി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ (TCMC) -ന്റെ പരിഗണനയ്ക്കായി അയച്ചു കൊടുക്കുന്നതായിരിക്കും.

5. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ആവശ്യമാണ്.

(സി) 2019-ൽ തന്നെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജന്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി) ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**